**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1185** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>വഖഫ് നിയമ ഭേദഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** വഖഫ് ബോർഡിൽ അമുസ്ലീങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്ന കേന്ദ്ര ബില്ലിനെതിരെ ബഹു. സുപ്രീം കോടതിയിൽ മുൻസർക്കാർ ഹർജി സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഹർജിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര വഖഫ് (ഭേദഗതി) നിയമം, 2025-ലെ വ്യവസ്ഥകൾക്കെതിരായി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഹർജികളിൽ പ്രിൻസിപ്പൽ സെക്രട്ടറിയെ (വഖഫ്)-നെ കക്ഷിയാക്കുന്നതിനായി impleading petition ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ മുൻ സർക്കാരിന്റെ കാലത്ത് അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ളതാണ്. നിലവിൽ പ്രസ്തുത വിഷയം ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

**(ബി)** പ്രസ്തുത കേസ് തള്ളിയെന്ന് മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** വഖഫ് ബോർഡിൽ അമുസ്ലീങ്ങളെ ഉൾപ്പെടുത്തുന്നത് യുക്തിരഹിതമെന്നും ഭരണഘടനയ്ക്കും മൗലികാവകാശങ്ങൾക്കും എതിരാണെന്നും മുൻസർക്കാരിന്റെ കാലത്ത് സമർപ്പിച്ച ഹർജിയിൽ നിലവിലെ സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത വിഷയം നിലവിൽ ബഹു.സുപ്രീകോടതിയുടെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**